വിദ്യാഭ്യാസത്തെ അത്യന്തം സമ്പന്നവും ഭവിഷ്യോന്മുഖവുമാക്കുന്ന ഇത്തരമൊരു പരിപാടി ഇന്ത്യയിൽ, പരീക്ഷണാടിസ്ഥാനത്തിലെങ്കിലും, നടപ്പിൽ വരികയാണെന്ന വസ്തുത കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർ മനസ്സിലാക്കിയിട്ടുണ്ടോ? കേരളത്തിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ സാക്ഷരത കൈവരുത്തുന്നതിന് എന്തു നടപടികൾ സ്വീകരിക്കാനാണ് അവർ ഉദ്ദേശിക്കുന്നത്?

(25 ഒക്ടോബർ, 1984)

## 49. ടെലിഫോൺ മര്യാദ

ഏകാഗ്രത വളരെ ആവശ്യമുള്ള എഴുത്തുപണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ഞാൻ. മുറിയുടെ ഒരു മൂലയിലുള്ള ടെലിഫോൺ തെരുതെരെ അടിക്കാൻ തുടങ്ങി. കേട്ടുവന്ന മിക്കവാറും ഉപയോഗശൂന്യമായിക്കഴിഞ്ഞിരുന്ന എന്റെ പഴയ ടെലിഫോൺയന്ത്രത്തിന് ഒരു ഗുണം ഉണ്ടായിരുന്നു. സൗമ്യമായിരുന്നു അതിന്റെ മണിയടിയൊച്ച. ആ ടെലിഫോൺയന്ത്രം മാറ്റി, അതിന്റെ സ്ഥാനത്തു ടെലിഫോൺവകുപ്പുകാർ അടുത്തകാലത്തു കൊണ്ടുവന്നു സ്ഥാപിച്ച യന്ത്രത്തിന്, മറ്റ് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായാലും, അസഹ്യമായ ദോഷമുണ്ട്: കർണകഠോരമായ മണിയടി. കേട്ടാൽ തോന്നുക, യന്ത്രം നിങ്ങളെ ശകാരിക്കുകയാണെന്നാണ്. ഈയിടെ ഒരു സുഹൃത്തിന്റെ ആപ്പീസിൽ കണ്ട ഡിജിറ്റൽ ടെലിഫോണിൽ മണിയടിക്കു പകരമുള്ളത് ഒരു കുരുവിയുടെ മധുരസംഗീതമാണ്. മറുനാട്ടിൽനിന്ന്, എങ്ങനെയോ, കടത്തിക്കൊണ്ടുവന്നു സ്ഥാപിക്കപ്പെട്ട കൃശസുന്ദരമായ ആ യന്ത്രത്തിന്റെ ഭംഗിയും സ്വരമാധുര്യവും പ്രവർത്തനസൗകര്യവും, ഇന്ത്യയിൽ നിർമിക്കുന്നതും സർക്കാർ തരുന്നതുമായ ടെലിഫോൺ യന്ത്രങ്ങളിൽ ഉണ്ടാവുമെന്നു പ്രതീക്ഷിക്കാനുള്ള മൗഢ്യം എനിക്കില്ല. എങ്കിലും, എന്റെ മുറിയിൽ ഇപ്പോഴുള്ള ടെലിഫോൺയന്ത്രത്തിന്റെ മണിയടിയുടെ രൂക്ഷത, ഒരു സർക്കാർഫാക്ടറി നിർമിക്കുന്ന യന്ത്രത്തിൽപ്പോലും ഉണ്ടായേ തീരൂ എന്നില്ല. അതു പക്ഷേ, വേറെ കാര്യം.

എഴുത്തുനിർത്തി എഴുന്നേറ്റു ചെന്നു ഞാൻ ടെലിഫോൺറിസീവർ ഉയർത്തി ചെവിയോടു അടുപ്പിച്ച് 'ഹലോ!' പറഞ്ഞു.

'ഹലോ' പറയുമ്പോൾ മുഖത്ത് ഒരു പുഞ്ചിരി വരുത്താൻ മുമ്പ് ഞാൻ സോദ്ദേശം നടത്തിയിരുന്ന പരിശ്രമം ഇപ്പോൾ പഴക്കംമൂലം ഒരു ശീലമായിരിക്കുന്നു. അപ്പുറത്ത് എവിടെനിന്നോ വിളിക്കുന്ന ആൾ ആ പുഞ്ചിരി കാണുകയില്ലെന്നു തീർച്ച. എങ്കിലും, ആ പുഞ്ചിരിയിലടങ്ങിയ സൗഹാർദം 'ഹലോ!' ശബ്ദത്തിലൂടെ അയാൾ അനുഭവിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ഇത്തവണ, എന്തായാലും, അങ്ങനെയൊരു അനുഭവം അങ്ങേവശത്ത് ഉണ്ടായതായി തോന്നിയില്ല. പകരം ഉണ്ടായത്, യന്ത്രത്തോക്കിൽനിന്നു തുടർച്ചയായി നിറയൊഴിക്കുംപോലെയുള്ള ചോദ്യമാണ്:

'ആരാ അവിടെ?'

ആ ചോദ്യത്തിന്റെ പരുഷസ്വരം എന്റെ പുഞ്ചിരിയെയും, അതിലൂടെ വ്യഞ്ജിപ്പിക്കാൻ ഉദ്ദേശിക്കപ്പെട്ട സൗഹാർദത്തെയും മായ്ച്ചുകളഞ്ഞു. എങ്കിലും ഞാൻ ആകാവുന്നത്ര സൗമ്യതയോടെ തിരിച്ചുചോദിച്ചു: 'നിങ്ങൾക്ക് ആരെ വേണം?'

ഞാൻ ആരാണെന്നു പറയാനുള്ള മടികൊണ്ടല്ല ഇങ്ങനെ ചോദ്യരൂപത്തിൽ പ്രതികരിച്ചത്. അയാൾക്ക് ആവശ്യം എന്നെയല്ലെന്ന് അതിനകം എനിക്ക് ഏറെക്കുറെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരുന്ന ആ സ്ഥിതിക്ക്, എന്നെപ്പററി ഒരു വിവരണം അയാൾ തീർച്ചയായും പ്രതീക്ഷിച്ചിരിക്കുകയില്ലെന്നു ഞാൻ കരുതി.

ചോദ്യം വീണ്ടും വന്നു: 'മാധവൻപിള്ള ഇല്ലേ അവിടെ?'

'ഇല്ല' എന്ന മറുപടിയാണു ഞാൻ നൽകേണ്ടിയിരുന്നത്. പക്ഷേ, അപ്പോൾ വീണ്ടും ചോദ്യംവരും. അതിനു് ഇടകൊടുക്കാതെ ഞാൻ എന്റെ ടെലിഫോൺ നമ്പർ പറഞ്ഞു: 'ഇതു നാല്പത്തിയൊന്നു നാല്പത്തിമൂന്നാണ്.'

'ആഹാ! ഞാൻ നിങ്ങളെ അല്ലല്ലോ വിളിച്ചത്! എനിക്ക വേണ്ടത് മാധവൻപിള്ളയെയാണ്.'

'സോറി. ഞാനല്ല ടെലിഫോൺ ഓപ്പറേററർ' എന്നാണു ഞാൻ പറയേണ്ടിയിരുന്നത്. അതു പറഞ്ഞില്ല. മര്യാദയോടുകൂടി 'സോറി' മാത്രം പറഞ്ഞ് റിസീവർ ക്രേഡലിൽ വെച്ചു.

തിരിച്ചുചെന്നു പേനയെടുക്കുംമുമ്പ്, വീണ്ടും ടെലിഫോണിന്റെ ഉഗ്രമായ സമരകാഹളം. ടെലിഫോണിന്റെ അങ്ങേ തലയ്ക്കൽ പഴയ കക്ഷിതന്നെയാണെന്നു് ഒരു ദുഃഖബോധം, എങ്ങനെയോ എന്റെ മനസ്സിൽ കടന്നുകൂടി. എന്നിട്ടും ഞാൻ എഴുന്നേററുചെന്നു റിസീവർ എടുത്തു ചെവിയിലടുപ്പിച്ചു. എന്റെ ബോധം ശരിയായിരുന്നു. ഇത്തവണ, പക്ഷേ, ചോദ്യം വ്യത്യസ്തരൂപത്തിലാണു ചെവിയിൽ വന്നലച്ചത്. 'എത്ര നേരമായി തന്നെ വിളിക്കുന്നു! താൻ എവിടെപ്പോയിരുന്നു? വേഗം വന്നു ടെലിഫോൺ എടുത്തുകൂടെ?'

'ഞാൻ ചോദിച്ചു: 'നിങ്ങൾക്ക് ആരെ വേണം?'

ടെലിഫോണിലൂടെ മറുപടി: 'നിങ്ങൾ ആരാ?'

ഞാൻ പറഞ്ഞു: 'നാല്പത്തിയൊന്നു് നാല്പത്തിമൂന്ന്.'

'നിങ്ങളോ? നിങ്ങളെന്തിനു വീണ്ടും ടെലിഫോൺ എടുത്തു?'

അതിനു് എന്തു് ഉത്തരം പറയണമെന്നു് എനിക്കു് അറിവുണ്ടായിരുന്നില്ല. അതിനാൽ ഒന്നും മിണ്ടാതെ ഞാൻ റിസീവർ വീണ്ടും ക്രേഡലിൽ വെച്ചു.

ഒരു മിനിററിനുശേഷം ടെലിഫോൺ വീണ്ടും അടിക്കാൻ തുടങ്ങി. ഇത്തവണ ഞാൻ റിസീവർ എടുത്തില്ല. മൂന്നോ നാലോ മിനിററു നേരത്തോളം ഘോരഘോരം മണിയടിച്ചു് ഒരു വിളിക്കു സർക്കാരിനു കിട്ടുന്ന പണത്തിനു പകരമായി ചെലവിനത്തിൽ എത്രയോ കൂടുതൽ അദ്ധ്വാനം ചെലവഴിച്ച ശേഷമേ, പരുക്കനെങ്കിലും കുറുമ്പുള്ള ആ യന്ത്രം നിശ്ശബ്ദമായുള്ളൂ.

അപ്പോഴേക്ക്, എഴുതാനുള്ള എന്റെ മൂഡ് പമ്പകടന്നിരുന്നു. നഷ്ടപ്പെട്ട മറെറാരു ദിവസം!

ടെലിഫോൺ കൂടുതൽകൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണല്ലോ. പതിനഞ്ചു വർഷംകൂടി കഴിഞ്ഞു്, ഇരുപത്തൊന്നാം നൂററാണ്ടു പിറക്കുമ്പോഴേക്ക് കേരളത്തിലെ മിക്കവാറും എല്ലാ ഇടത്തരം വീടുകളിലും ടെലിഫോൺസൗകര്യം സ്ഥാപിക്കപ്പെട്ടുമെന്നു പ്രതീക്ഷിക്കാം. ഗ്രാമ—നഗര—ഭേദം ഇക്കാര്യത്തിൽ ഈ സംസ്ഥാനത്തിൽ അനുഭവപ്പെട്ടേക്കുകയില്ല.

മനുഷ്യർ നേടിയെടുത്ത മഹാനുഗ്രഹങ്ങളിലൊന്നാണു് ടെലിഫോൺ. ('ദൂരഭാഷ' എന്ന അതിന്റെ ഹിന്ദിപ്പേർ വളരെ അന്വർത്ഥമാണ്; മലയാളത്തിലും ആ പദം പ്രചാരത്തിൽ വന്നാൽ കൊള്ളാം.) ലോകത്തെ

യാകെ ഒരൊററ കുടുംബമാക്കാൻ ഇത്രയേറെ ഉപകരിച്ച മറെറാരു കണ്ടുപിടുത്തമില്ല.

അതേസമയം മനുഷ്യവർഗത്തിൻെറ മഹാശാപമായി ഈ ഉപകരണത്തെ മാററാനും കഴിയും. പലപ്പോഴും അനുഗ്രഹത്തെക്കാളേറെ ശാപമാവുന്നുമുണ്ടു് ഈ ലഘുയന്ത്രം. ജീവിതസൗഖ്യത്തിനു് അനുപേക്ഷണീയമായ സ്വൈരം ഭഞ്ജിക്കാൻ ഇത്ര നല്ല മാർഗം വേറെ ഏതാണു്? രാത്രി അസമയത്തു്, മൂന്നോ നാലോ പ്രാവശ്യം ടെലിഫോണിൽ വിളിച്ചാൽ നിങ്ങൾക്കു് ആരുടെയും നിദ്രാസൗഖ്യം അപകടപ്പെടുത്താം. സ്വയം അപകടത്തിലാവാതെ ആരെ വേണമെങ്കിലും ഭീഷണിപ്പെടുത്താനും ടെലിഫോൺ ഉപയോഗപ്പെടുത്താവുന്നതേയുള്ളൂ.

ദില്ലിയിലെ ഒരു സർക്കാർ ആപ്പീസിലെ ടെലിഫോൺ ഉപയോഗപ്പെടുത്തി ലൈംഗികസംതൃപ്തി നേടിയിരുന്ന ഒരാളുടെ കഥ ഈയിടെ പത്രങ്ങളിൽ വായിക്കുകയുണ്ടായി. ഒരു ആപ്പീസിൽ പ്യൂൺ ആയിരുന്ന ഈ വിദ്വാൻ സന്ധ്യയ്ക്കുശേഷം ആപ്പീസ് ടെലിഫോണെടുത്തു് പല നമ്പറുകളും ചുമ്മാ കറക്കിനോക്കുമത്രെ. അപ്പുറത്തുനിന്നു കേൾക്കുന്നതു സ്ത്രീശബ്ദമാണെങ്കിൽ, ആ ശബ്ദം ആകർഷകമായി തോന്നിയാൽ, ഇയാൾ തൻെറ കാമപീഡകളെല്ലാം ഒരു മറയുമില്ലാതെ, അങ്ങോട്ടു സമർപ്പിക്കും. ഒടുവിൽ സ്വന്തം മേലുദ്യോഗസ്ഥൻെറ പത്നിയോടായി പ്യൂണിൻെറ ഈ അഭ്യാസം. ഇതു് ആവർത്തിക്കപ്പെട്ടപ്പോൾ ആ സ്ത്രീ പോലീസിൽ പരാതിപ്പെട്ടു; ടെലിഫോൺവകുപ്പുകാരുടെ സഹകരണത്തോടെ പോലീസ് നടത്തിയ നിരീക്ഷണത്തിൻെറ—അതോ 'ശ്രവണ'ത്തിൻെറയോ? ഫലമായി പുള്ളി കുടുങ്ങുകയും ചെയ്തു. അതിനാൽ, അവിഹിതകാര്യങ്ങൾക്കായി ടെലിഫോൺ ഉപയോഗിക്കുന്നോർ ജാഗ്രതയായിരിക്കുക. എപ്പോൾ വേണമെങ്കിലും നിങ്ങൾ കൈയോടെ പിടിക്കപ്പെട്ടേക്കാം.!

അതു ദുരുപയോഗത്തിൻെറ കാര്യം. ഉപയോഗിക്കുന്നതു ന്യായമായ ആവശ്യങ്ങൾക്കു വേണ്ടിയാകുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ, ടെലിഫോൺ ഗുണത്തേക്കാളേറെ ദോഷംചെയ്യും. മനുഷ്യരെ തമ്മിൽ അടുപ്പിക്കേണ്ട ഈ ഉപകരണം അവരെ തമ്മിൽ അടിപ്പിക്കാൻ' കാരണമായിക്കൂടല്ലോ.

ഒന്നാമതു്, ഓരോ ടെലിഫോൺകാളും ഓരോ അഭിമുഖസംഭാഷണമാണെന്ന കാര്യം എല്ലാവരും ഓർമിക്കണം. ലൈനിൻെറ അങ്ങേയററത്തുള്ള ആൾ നിങ്ങളുടെ മുഖം കാണുന്നില്ലായിരിക്കാം. പക്ഷേ, അയാൾ നിങ്ങളുടെ സ്വരം കേൾക്കുന്നുണ്ടു്. സ്വരത്തിലൂടെ നിങ്ങളുടെ മനോഭാവം, നിങ്ങളുടെ ചേഷ്ടകൾ, ചലനങ്ങൾ എല്ലാം വളരെ വലിയ ഒരളവോളം അയാൾ മനസ്സിലാക്കുന്നുമുണ്ടു്.

ടെലിഫോൺ ഉപയോഗിക്കുമ്പോൾ പരമാവധി മര്യാദ പുലർത്തണമെന്നതാണു രണ്ടാമത്തെ കാര്യം. സ്വരത്തിൽ പരുഷതയോ, മറുപടിയിൽ ധിക്കാരമോ, ഒരിക്കലും പ്രത്യക്ഷപ്പെട്ടുകൂടാ. സ്ഥാപനങ്ങളിലെ ടെലിഫോൺ ഓപ്പറേറററമാരും ഉദ്യോഗസ്ഥരും ഈ കാര്യം പ്രത്യേകിച്ചു ശ്രദ്ധിക്കണം. ടെലിഫോണിൽക്കൂടി വെളിപ്പെടുന്ന ഒരാളുടെ സംസ്കാരരാഹിത്യമോ അജ്ഞതയോ സ്ഥാപനത്തെ മുഴുവൻ ബാധിക്കും. ഒരു ടെലിഫോൺ ഓപ്പറേററർ നിമിത്തം ഒരു സ്ഥാപനത്തിൻെറ 'ഇമേജ്' പൊതുജനദൃഷ്ടിയിൽ നിറം കെട്ടുപോയിക്കൂടായ്കയില്ല.

ടെലിഫോണിൻെറ മറേറത്തലയ്ക്കൽ ആരാണെന്നു്, സംസാരം ആരംഭിക്കുംമുമ്പ്, നിങ്ങൾക്കു് അറിയുകയില്ലല്ലോ. ആരായാലും, അയാൾ കൃത്യാന്തരവ്യാപൃതനായിരിക്കുമെന്നതു് ഉറപ്പാണു്. അതിനാൽ, തുട

ക്കത്തിൽ കാട്ടും പടലും തല്ലി സമയം കളയാതെ, കഴിയുംവേഗം കാര്യത്തിലേക്കു കടക്കണമെന്നതാണ് ശ്രദ്ധിക്കേണ്ട മൂന്നാമത്തെ സംഗതി.

മറുവശത്തു് 'ഹലോ!' കേട്ടാൽ, സ്വരത്തിൽനിന്നു് ആളെ മനസ്സിലായില്ലെങ്കിൽ, നിങ്ങൾ സ്വയം പരിചയപ്പെടുത്തുക. ഉടനെ മറ്റേ ആളും ഇതുചെയ്യും. കിട്ടിയതു ശരിയായ ആളെ അല്ലെങ്കിൽ 'സോറി' പറഞ്ഞു സംഭാഷണം അവസാനിപ്പിക്കുക. ആവശ്യമില്ലാത്ത അന്വേഷണങ്ങൾക്കു മിനക്കെടാതിരിക്കുക.

ടെലിഫോൺ—ദൂരഭാഷ—ഒരു സൗമ്യമായ ഉപകരണമാണ്. 'സ്ത്രൈണമായ' എന്നുകൂടി പറയാം. അതിനോടു തട്ടിക്കയറാതിരിക്കുക. സൗമ്യമായി മാത്രം അതിനോടു് പെരുമാറുക. ചിരിച്ചുകൊണ്ടുമാത്രം അതിനോടു സംസാരിക്കുക.

ഉറങ്ങുന്ന കുട്ടി ഉണർന്നു കരഞ്ഞുതുടങ്ങിയാൽ അമ്മ ഓടിച്ചെന്നു് എടുത്തു് ഉമ്മകൊടുത്തും താലോലിച്ചും അതിനെ സമാധാനിപ്പിക്കുന്നു. കുഞ്ഞിനോടു് അമ്മ പെരുമാറുന്ന അതേ രീതിയിൽ നിങ്ങളുടെ ടെലിഫോണിനോടു നിങ്ങൾ പെരുമാറുക.

കടംകഥ:
അമ്മു കരഞ്ഞു.
അമ്മയെടുത്തു.
ഉമ്മകൊടുത്തു.
അമ്മു ചിരിച്ചു.
ആരാണ് ഈ അമ്മു?
ഉത്തരം:
ടെലിഫോൺ!

(12 മേയ്, 1985)

## 50. ജീവിക്കുന്ന തമിഴ് സംസ്കാരം

ഹിന്ദി, ഉർദു, തമിഴ് എന്ന മൂന്നു് ഇന്ത്യൻ ഭാഷകളടക്കം ഇരുപത്തേഴു ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ഒരു സാംസ്കാരികമാസികയാണ് 'യുനെസ്കോ കൂരിയർ. 'ജീവിക്കുന്ന തമിഴ്സംസ്കാര'ത്തെപ്പറ്റി സാമാന്യബോധം ലോകമെങ്ങുമുള്ള വായനക്കാരിൽ ഉളവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'യുനെസ്കോ കൂരിയറി'ന്റെ 1984 മെയ്മാസത്തിലെ ലക്കം തയ്യാറാക്കപ്പെട്ടിട്ടുള്ളതു്.

ചിരപുരാതനമെങ്കിലും ഇന്നും സജീവമാണ് തമിഴ്സംസ്കാരം. മനുഷ്യവർഗം ആദ്യമായി ആവിർഭവിച്ചതു് കിഴക്കേ ആഫ്രിക്കയിലായിരിക്കാമെന്നു് മനുഷ്യവിജ്ഞാനികൾ (ആന്ത്രോപ്പോളജിസ്റ്റുകൾ) കരുതുന്നു. കിഴക്കേ ആഫ്രിക്കയും ഇന്ത്യാഉപഭൂഖണ്ഡവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടു് ലെമൂരിയ' എന്ന ഒരു ഭൂവിഭാഗം ഉണ്ടായിരുന്നതായും, അതു പിൽക്കാലത്തു് കടലിൽ താണുപോയതായും ഇന്നു് ഏറെക്കുറെ പരക്കേ വിശ്വസിക്കപ്പെടുന്നുണ്ടു്. ഈ വിശ്വാസത്തിൽ കഴമ്പുണ്ടെങ്കിൽ, കിഴക്കേ ആഫ്രിക്കയും തെക്കേ ഇന്ത്യയും ഉൾപ്പെട്ടിരുന്ന ഭൂവിഭാഗമാണ് മനുഷ്യവർഗത്തിന്റെ പിള്ളത്തൊട്ടിൽ. 'മനുഷ്യവർഗം ഈ പ്രദേശത്താണ് പിറന്നതെന്ന വിശ്വാസം ഇസ്ലാമികവിശ്വാസത്തോടു് പൊരുത്തപ്പെടുന്നുണ്ടു്. ഇസ്ലാമിക വിശ്വാസപ്രകാരം മനുഷ്യവർഗത്തിന്റെ ആദിപിതാ